**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1323** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>കല്ല്യാശ്ശേരി മണ്ഡലത്തിലെ കായിക വകുപ്പിന്റെ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. വിജിൻ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഭരണാനുമതി ലഭ്യമായതും പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതുമായ കായിക വകുപ്പിന്റെ പദ്ധതികൾ ഏതൊക്കെയാണ്;വിശദാംശം നൽകാമോ;

**<u>മറുപടി:</u>** കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(ബി)** ഈ പദ്ധതികളും പ്രവൃത്തികളും എന്നത്തേക്ക് പൂർത്തിയാക്കാനാണ് പ്ലാൻ ചെയ്തിരിക്കുന്നത് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | നെരുവമ്പ്രം ടെക്ക്നിക്കൽ ഹൈസ്കൂളിലെ കായിക അടിസ്ഥാന സൗകര്യങ്ങളുടെ വികസനം | 100 | 30.09.2023 തീയ്യതിയിലെ സ ഉ (സാധാ) നം. 284/2023/കാ.യു.വ പ്രകാരം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി, 82,49,707/- രൂപയ്ക്ക് കരാർ നൽകി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. നിലവിൽ 45% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. എത്രയും പെട്ടെന്ന് 2026-ൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കുവാൻ കരാറുകാരന് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| 2 | മാടായി ഗവ. ബോയ്സ് ഹയർ സെക്കന്ററി സ്കൂളിലെ സ്റ്റേഡിയം നിർമ്മാണം | 150 | 15.01.2025 തീയ്യതിയിലെ സ.ഉ.(സാധാ.) നം.18/2025/കാ.യു.വ. പ്രകാരം 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 142.17 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുകയും ശ്രീ. മുഹമ്മദ് ഹാരിഷ്. ബി.എ, കാസർഗോഡ് എന്ന കരാറുകാരനാണ് 1,09,94,023/- രൂപയ്ക്ക് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. 20% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ഭൂമി സംബന്ധമായ തർക്കം കാരണം കോടതിയുടെ താൽക്കാലിക സ്റ്റേ ഉള്ളതിനാൽ പ്രവൃത്തി നിർത്തി വച്ചിരിക്കുകയാണ്. |
| 3 | ചെറുകുന്ന് ഗവ. ബോയ്സ് ഹയർ സെക്കൻററി സ്കൂളിലെ കളിസ്ഥലം വികസനം | 150 | 15.01.2025 തീയ്യതിയിലെ സ.ഉ.(സാധാ.) നം.18/2025/കാ.യു.വ. പ്രകാരം 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 142.18 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകി. പ്രവൃത്തിക്ക് ദർഘാസ് ക്ഷണിക്കുകയും ശ്രീ.അബ്ദുൾ സത്താർ. ബി.എ, കാസർഗോഡ് എന്ന കരാറുകാരൻ 113.40 ലക്ഷം രൂപയ്ക്ക് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളതുമാണ്. 2026-ൽ പ്രവൃത്തി |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കാനാണ് ശ്രമിക്കുന്നത്. |
| 4 | പരവൂർ മിനി സ്റ്റേഡിയം നിർമ്മാണം, കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്ത് | 100 | 03.10.2025 തീയ്യതിയിലെ സ.ഉ.(സാധാ.) നം.246/2025/കാ.യു.വ. പ്രകാരം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 93.89 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകി പ്രവൃത്തിയുടെ ദർഘാസ് ക്ഷണിക്കുകയും ശ്രീ. ബിജു. ഇ.പി, കണ്ണൂർ എന്ന കരാറുകാരൻ 69.57 ലക്ഷം രൂപയ്ക്ക് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളതുമാണ്. മഴക്കാലത്ത് വെള്ളം കെട്ടി നിൽക്കാത്ത വിധം സൈറ്റിൽ മണ്ണിട്ട് ഉയർത്തുവാൻ മുൻ എം.എൽ.എ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ആരംഭിക്കുകയും പുരോഗമിച്ച് വരികയുമാണ്. 2026 ൽ പ്രവൃത്തി പൂർത്തീകരിക്കാനാണ് ശ്രമിക്കുന്നത്. |
| 5 | പട്ടുവം ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് വികസനം | 100 | 14.10.2025 തീയ്യതിയിലെ സ.ഉ.(സാധാ.) നം.260/2025/കാ.യു.വ. പ്രകാരം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 93.89 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകി പ്രവൃത്തിക്ക് ദർഘാസ് ക്ഷണിക്കുകയും ശ്രീ. പി. പ്രഭാകരൻ എന്ന കരാറുകാരൻ ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളതുമാണ്. 8% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2026-ൽ പ്രവൃത്തി പൂർത്തീകരിക്കുവാനാണ് ശ്രമിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**